14. സംഭരണവില കർഷകർക്ക് ലഭ്യമാക്കുക.

15. സംഭരണവില കിലോയ്ക്ക് 100 രൂപയാക്കി വർദ്ധിപ്പിക്കുക.

(ബി) അടയ്ക്കാ സംഭരണത്തിനായി ഇതിനകം 8 കോടി രൂപ കാംപ്കോയ്ക്ക് നൽകിക്കഴിഞ്ഞു. ബാക്കിയുള്ള 1.50 കോടി രൂപ സംഭരണം സംബന്ധിച്ച കൃഷിഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് വാങ്ങിയതിനുശേഷം എത്രയും വേഗം നൽകുന്നതാണ്.

കശുമാവ് കൃഷി വ്യാപിപ്പിക്കാൻ നടപടി

83 (1137) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഫാക്ടറികൾക്ക് ആവശ്യമായ കശുവണ്ടി സംസ്ഥാനത്തു തന്നെ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കശുമാവ് കൃഷി ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ തീരുമാനം നടപ്പിലാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതു സംബന്ധമായ നിയമനിർമ്മാണം എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) കശുമാവിൽ തോട്ടങ്ങളെ ഭൂപരിഷ്ക്കരണ നിയമത്തിലെ ഭൂപരിധി ഒഴിവാക്കാൻ സംബന്ധിച്ച 1963-ലെ ഭൂപരിഷ്ക്കരണ നിയമത്തിന്റെ 81-ാം വകുപ്പിൽ കശുമാവിൽ തോട്ടങ്ങളെ ഉൾക്കൊള്ളിക്കാനും 82-ാം വകുപ്പിൽ കശുമാവ് എസ്റ്റേറ്റ് ആയി മാറ്റുന്നതിന് സാധൂകരണം നൽകാനുമുള്ള നിയമ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു.

(സി) എത്രയും വേഗം നിയമനിർമ്മാണം നടത്തുന്നതാണ്.

കശുമാവു കൃഷി വികസിപ്പിക്കാൻ നടപടി

84 (1138) ശ്രീ. എ. എ., അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുമാവു കൃഷിയുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly